സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പുത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 177 2025 ഒക്ടോബർ 21 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

12 ജില്ലകളിൽ യെല്ലോ അലർട്ട്

തൃശ്ശൂർ: സംസ്ഥാനത്ത് ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അറബിക്കടലിൽ കേരളാ തീരത്തിന് സമീപമുള്ള ചക്രവാതച്ചുഴിയും ബംഗാൾ ഉൾക്കടലിലെ ന്യൂനമർദവുമാണ് കേരളത്തിൽ മഴ കനക്കാൻ കാരണം. വരുന്ന അഞ്ചുദിവസം സംസ്ഥാനത്ത് കനത്ത മഴ തുടരാനാണ് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് 12 ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലാണ് ഇന്ന് യെല്ലോ അലേർട്ട്. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലകളിൽ നാളെ ഓറഞ്ച് അലേർട്ടാണ്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് അധികൃതരുടെ നിർദേശപ്രകാരം ജനങ്ങൾ മാറിത്താമസിക്കണമെന്ന് സർക്കാർ അറിയിച്ചു.

എല്ലാത്തിനെയും എതിർക്കുന്നതാണോ പ്രതിപക്ഷം?

'കൺമുന്നിലെ നേട്ടങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്, ജനം എല്ലാം കാണുന്നുണ്ട്'

കോഴിക്കോട്: പാളയം മാർക്കറ്റ് കല്ലുത്താൻ കടവിലേക്ക് മാറ്റുന്നതിൽ പ്രതിഷേധിക്കുന്നവർക്കെതിരെ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. നല്ലത് അംഗീകരിക്കാൻ ചിലർക്ക് പ്രയാസമാണെന്ന് അദ്ദേഹം പറഞ്ഞു. ഒരു പാട് നാടകങ്ങൾ കാണേണ്ട സാഹചര്യമാണിപ്പോൾ. കൺമുന്നിലെ നേട്ടം പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുകയാണ്. പ്രതിപക്ഷം തിരുത്തുമെന്ന് കരുതുന്നില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. കോഴിക്കോട് പുതിയ പാളയം മാർക്കറ്റ് ഉദ്ഘാടനം ചെയ്ത് വ്യാപാരികൾക്ക് താക്കോൽ കൈമാറിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ഒരുപാട് നാടകങ്ങൾ കാണേണ്ട സാഹചര്യമാണുള്ളത്. പ്രതിഷേധക്കാരുടെ കൂടെ നിന്നവരിൽ ചിലർ ഇപ്പോഴില്ല. എന്താണ് നല്ല കാര്യത്തെ അംഗീകരിക്കാത്തത്? എന്താണ് ഇതിന് പിന്നിലെ ചേതോവികാരം? നാടിന് ഗുണം ചെയ്യുന്ന കാര്യങ്ങൾ അംഗീകരിക്കേണ്ടതല്ലേ? മത്സരം തിരഞ്ഞെടുപ്പിൽ മാത്രമാണ്. തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ വികസനത്തെ പിന്തുണയ്ക്കണം. പ്രതിപക്ഷം ഉദ്ഘാടന പരിപാടിയിൽ നിന്നും വിട്ടുനിൽക്കുകയാണ്. കോൺഗ്രസ്, ലീഗ് അംഗങ്ങൾ ആരുമില്ല. സ്ഥലം എംപിയും പരിപാടിയിലില്ല. എല്ലാ കാര്യത്തെയും എതിർക്കുന്നതാണോ പ്രതിപക്ഷം? നല്ല കാര്യങ്ങൾക്ക് പിന്തുണ നൽകണം. കൺമുന്നിലെ നേട്ടങ്ങൾ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുകയാണ്. ജനങ്ങൾ എല്ലാം തിരിച്ചറിയുന്നുണ്ട്. പ്രതിപക്ഷം തിരുത്തുമെന്ന് കരുതുന്നില്ല. അത് ജനങ്ങൾ മനസിലാക്കുമെന്നും ഈ പദ്ധതി സംസ്ഥാനത്തിന് മാതൃകയാണ്' - മുഖ്യമന്ത്രി പറഞ്ഞു.

കോഴിക്കോട് പാളയം പച്ചക്കറി മാർക്കറ്റ് കല്ലുത്താൻകടവിലേക്ക് മാറ്റുന്നതിനെതിരെയാണ് ഒരു വിഭാഗം വ്യാപാരികൾ പ്രതിഷേധിക്കുന്നത്. ഇന്ന് രാവിലെ മാർക്കറ്റ് മാറ്റുന്നതിനെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിൽ സംഘർഷമുണ്ടായിരുന്നു. പ്രതിഷേധങ്ങൾക്കിടയാണ് മുഖ്യമന്ത്രി പുതിയ മാർക്കറ്റ് കെട്ടിടം ഉദ്ഘാടനം ചെയ്തത്.

തെച്ചിക്കോട്ടുകാവ് രാമചന്ദ്രന് ഏക്കത്തുക വീണ്ടും റെക്കോർഡിൽ



തൃശ്ശൂർ: തെച്ചിക്കോട്ടു കാവ് രാമചന്ദ്രനെ 13ലക്ഷത്തി അമ്പതിനായിരം രൂപയ്ക്ക് ഏക്കത്തിനെടുത്താണ് അക്കിക്കാവ് പൂരത്തിലെ കൊങ്ങണൂർ ദേശം പൂരാഘോഷകമ്മിറ്റി കരുത്ത് തെളിയിച്ചിരിക്കുന്നത്. കഴിഞ്ഞവർഷം ചാലിശ്ശേരി പൂരത്തിന് 13 ലക്ഷത്തി33333 രൂപയ്ക്ക് ചാലിശ്ശേരി പടിഞ്ഞാറെ മുക്ക് പൂരാഘോഷ കമ്മിറ്റി രാമചന്ദ്രനെ ഏക്കത്തിനടുത്ത് റെക്കോർഡ് സൃഷ്ടിച്ചിരുന്നു. ഈ റെക്കോർഡ് ആണ് ഇപ്പോൾ കൊങ്ങണൂർ ദേശം മറികടന്നിട്ടുള്ളത്. ഫെബ്രുവരി ഏഴിനാണ് അക്കികാവ് പൂരം'. ഈ ആഴ്ചയിൽ തന്നെ ചീരംകുളം പൂരം വരുന്നതിനാൽ ചീരംകുളം പൂരത്തിലെ ചെമ്മണൂർ ഗ്രാമം പൂരാഘോഷ കമ്മിറ്റിയാണ് കൊങ്ങണൂർ ദേശത്തിനൊപ്പം ആനയെ ലേലത്തിന് എടുക്കാൻ മത്സരിച്ചത് ഇന്ന്രാവിലെ തെച്ചിക്കോട്ടുകാവ് ക്ഷേത്ര ഓഫീസിലാണ് ലേലം നടന്നത്.

ശബരിമല സ്വർണകൊള്ള; ഗൂഢാലോചന നടന്നിട്ടുണ്ടെങ്കിൽ അക്കാര്യം അന്വേഷിക്കണമന്ന് ഹൈക്കോടതി

കൊച്ചി: ശബരിമല സ്വർണകൊള്ളയിൽ ഇടക്കാല ഉത്തരവുമായി ഹൈക്കോടതി. കേസ് നവംബർ 15 പരിഗണിക്കുമെന്ന് കോടതി അറിയിച്ചു. ഗൂഢാലോചന നടന്നെങ്കിൽ അക്കാര്യം അന്വേഷിക്കണമെന്നും കോടതി പറഞ്ഞു. പ്രത്യേക അന്വേഷണ സംഘത്തിന്റെ എസ്പിയായ ശശിധരനും വിജിലൻസ് എസ്പി സുനിൽ കുമാറും ഇന്ന് നേരിട്ട് കോടതിയിൽ ഹാജരായി. അടച്ചിട്ട മുറിയിലാണ് കോടതി നടപടികൾ നടന്നത്.

പത്ത് ദിവസത്തെ അന്വേഷണത്തിൽ സ്വർണം ഏതൊക്കെ രീതിയിൽ പോയിട്ടുണ്ടെന്നുള്ള കാര്യങ്ങൾ കോടതിയിൽ നൽകിയ അന്വേഷണ റിപ്പോർട്ടിൽ ഉദ്യോഗസ്ഥർ വിശദമാക്കിയിട്ടുണ്ട്. ഉണ്ണികൃഷ്ണൻ പോറ്റിയടക്കം ബംഗളൂരുവിലും ചെന്നൈയിലും നടത്തിയ ഗൂഢാലോചനകൾ സ്വർണം എവിടെയെല്ലാം പോയി എന്നുള്ളതടക്കമുള്ള കാര്യങ്ങളാണ് കോടതിയിൽ നൽകിയ ഇടക്കാല അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നത്.

ഉണ്ണികൃഷ്ണൻ പോറ്റിയുടെ അറസ്റ്റ്, കൂടുതൽ അറസ്റ്റിനുള്ള സാദ്ധ്യത, ഇതുവരെയുള്ള അന്വേഷണ പുരോഗതി എന്നിവ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് അന്വേഷണ സംഘം ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്നത്. അന്വേഷണത്തിന്റെ പുരോഗതി രണ്ടാഴ്ച കൂടുമ്പോൾ ഹൈക്കോടതിയിൽ സമർപ്പിക്കണമെന്ന നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് സമർപ്പിച്ചത്.

'ഒന്നാം തീയതിയോടെ ഇറക്കുമതി തീരുവ 155 ശതമാനമാക്കും'; വീണ്ടും ഭീഷണി മുഴക്കി ട്രംപ്

വാഷിംഗ്ടൺ: അമേരിക്കയും ചൈനയും തമ്മിലുള്ള വ്യാപാരക്കരാർ പരാജയപ്പെട്ടാൽ ചൈനീസ് ഇറക്കുമതിക്ക് 155 ശതമാനം വരെ തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഭീഷണി. ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസുമായി വൈറ്റ് ഹൗസിലെ ധാതു കരാർ ഒപ്പിട്ടതിന് ശേഷമായിരുന്നു ട്രംപിന്റെ പ്രതികരണം.

ധാതുക്കളുടെ ഇറക്കുമതിയ്ക്ക് അമേരിക്ക ആശ്രയിക്കുന്നത് ചൈനയെയാണ്. അത് അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓസ്ട്രേലിയയുമായി യുഎസ് കരാർ ഒപ്പുവെച്ചത്. ചൈനയ്ക്ക് നമ്മളോട് ഏറെ ബഹുമാനമുണ്ടെന്നാണ് കരുതുന്നത്. തീരുവയായി ചൈന നൽകുന്ന 55 ശതമാനം വലിയ തുകയാണ്. എന്നാൽ ചൈനീസ് പ്രസിഡന്റ് ഷി ജിൻപിംഗുമായി വളരെ ന്യായമായ ഒരു വ്യാപാര കരാർ ഉണ്ടാക്കാൻ കഴിയുമെന്ന് താൻ പ്രതീക്ഷിക്കുന്നു. ഇരുരാജ്യങ്ങളും തമ്മിൽ കരാറിലെത്തിച്ചേർന്നില്ലെങ്കിൽ നവംബർ ഒന്നാം തീയതിയോടെ അത് 155 ശതമാനമാകുമെന്നാണ് ട്രംപിന്റെ ഭീഷണി.

യുഎസിന്റെ വ്യാപാരനയത്തെ പല രാജ്യങ്ങളും ചൂഷണം ചെയ്തിരുന്നു. ആരെയും അത്തരത്തിൽ ഇനി അനുവദിക്കില്ലെന്നും ട്രംപ് കൂട്ടിച്ചേർത്തു. ഉടൻ തന്നെ ദക്ഷിണ കൊറിയയിൽ ഷി ജിൻപിംഗുമായുള്ള ചർച്ചയുണ്ടാകുമെന്നും ട്രംപ് വെളിപ്പെടുത്തി. ഇരു സർക്കാരുകളും തമ്മിലുള്ള സംഭാഷണം തുടരുമെന്നും അദ്ദേഹം സൂചിപ്പിച്ചു.

നവി മുംബയിലെ കെട്ടിടത്തിൽ വൻ തീപിടിത്തം; മരിച്ചവരിൽ 3 മലയാളികളും, 10പേർക്ക് പരിക്ക്

മുംബയ്: നവി മുംബയിലെ താമസ സമുച്ചയത്തിലുണ്ടായ തീപിടിത്തത്തിൽ മൂന്ന് മലയാളികളടക്കം നാലുപേർ മരിച്ചു. പത്തുപേർക്ക് പരിക്കേറ്റു. മരണപ്പെട്ടവരിൽ ആറുവയസുകാരിയായ പെൺകുട്ടിയുമുണ്ട്. മുംബയ് വാഷിയിലെ എംജി കോംപ്ളക്സിൽ റഹേജ റെസിഡൻസിയിലാണ് തീപിടിത്തമുണ്ടായത്. ഇന്ന് പുലർച്ചെയായിരുന്നു അപകടമുണ്ടായത്.

പുലർച്ചെ 12.40ഓടെ കെട്ടിടത്തിലെ പത്താം നിലയിലുണ്ടായ തീപിടിത്തം 11, 12 നിലകളിലേയ്ക്ക് വ്യാപിക്കുകയായിരുന്നു. വേദിക സുന്ദർ ബാലകൃഷ്ണൻ (ആറ്), സുന്ദർ ബാലകൃഷ്ണൻ (44), പൂജ രാജൻ (39) എന്നിവരാണ് തീപിടിത്തത്തിൽ മരണപ്പെട്ട മലയാളികൾ. കമല ഹീരാലാൽ ജെയിൻ (84) ആണ് മരണപ്പെട്ട മറ്റൊരാൾ. ഇവരെല്ലാവരും രഹേജ റെസിഡൻസിയിലെ താമസക്കാരാണ്. അപകടത്തിൽ പരിക്കേറ്റവരെ ഫോർട്ടിസ് ഹീരാനന്ദനി, എംജിഎം എന്നീ ആശുപത്രികളിൽ പ്രവേശിപ്പിച്ചു.

തീപിടിത്തത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനിടെ നാലുപേരെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നുവെന്നും പതിനഞ്ചോളം പേരെ രക്ഷപ്പെടുത്തിയതായും നവി മുംബയ് മുനിസിപ്പൽ കോർപ്പറേഷൻ ചീഫ് ഫയർ ഓഫീസർ പുരുഷോത്തം ജാദവ് പറഞ്ഞു. തീപിടിത്തത്തിനുള്ള കാരണം വ്യക്തമല്ലെന്നും അദ്ദേഹം അറിയിച്ചു.

വാഷി, നെറുൽ, എയ്റോലി സ കോപർഖൈറാനെ എന്നിവിടങ്ങളിൽ നിന്നാണ് അഗ്നിരക്ഷാസേനയെത്തിയത്. ഏറെ നേരത്തെ ശ്രമത്തിനുശേഷം തീ നിയന്ത്രണവിധേയമാക്കിയതായും കെട്ടിടത്തിനുള്ളിൽ ആരും കുടുങ്ങിയിട്ടില്ലെന്നും അഗ്നിരക്ഷാ സേന ഉദ്യോഗസ്ഥർ അറിയിച്ചു. വാഷി അഗ്നിരക്ഷാസേന, നവി മുംബയ് മുനിസിപ്പൽ കോർപ്പറേഷൻ എന്നിവർ സംഭവത്തിൽ അന്വേഷണം ആരംഭിച്ചു.

വീണ്ടും കുതിച്ചുകയറി സ്വർണവില

തിരു: സംസ്ഥാനത്തെ സ്വർണവിലയിൽ ഇന്ന് വൻ വർദ്ധനവ്. കഴിഞ്ഞ രണ്ട് ദിവസമായി തുടർന്ന ഇടിവിന് ശേഷമാണ് ഇന്ന് വർദ്ധനവ് ഉണ്ടായിരിക്കുന്നത്. 1520 രൂപ വർദ്ധിച്ച് ഇന്ന് ഒരു പവൻ സ്വർണത്തിന് 97,360 രൂപയാണ്. ഗ്രാമിന് 190 രൂപ കൂടി 12,170 രൂപയായി.

ഇന്നലെ പവന് 120 രൂപ കുറഞ്ഞ് 95,840 രൂപയും ഗ്രാമിന് 15 രൂപ കുറഞ്ഞ് 11,980 രൂപയുമായിരുന്നു. ഒരു ലക്ഷം കടന്ന് സ്വർണവില കുതിക്കുമെന്ന് തോന്നിപ്പിച്ച ഘട്ടത്തിൽ ശനിയാഴ്ച ഒറ്റയടിക്ക് 1400 രൂപയാണ് കുറഞ്ഞത്. എന്നാൽ വീണ്ടും ഒരു ലക്ഷത്തിന് അടുത്തേക്ക് കുതിക്കുകയാണ്.

ആഗോളതലത്തിലുണ്ടാകുന്ന പ്രതിസന്ധികൾ സ്വർണവിലയെ നന്നായി ബാധിക്കുന്നുണ്ട്. യുഎസിൽ അടിസ്ഥാന പലിശനിരക്ക് കുറയ്ക്കാനുള്ള സാദ്ധ്യത, വീണ്ടും കലുഷിതമായ യുഎസ്-ചൈന വ്യാപാര യുദ്ധം, യുഎസിൽ റീജിയണൽ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി, മറ്റു സുപ്രധാന കറൻസികൾക്കെതിരായ ഡോളറിന്റെ വീഴ്ച എന്നിവ കാരണമാണ് സ്വർണവിലയിൽ വൻകുതിപ്പുണ്ടാകുന്നത്. റിസർവ് ബാങ്ക് ഉൾപ്പെടെ ലോകത്തെ പ്രധാന കേന്ദ്ര ബാങ്കുകൾ കരുതൽ ശേഖരത്തിലേക്ക് വൻതോതിൽ കറൻസികൾക്ക് പകരം സ്വർണം വാങ്ങിക്കൂട്ടുന്നതും വിലക്കുതിപ്പിന് കാരണമാകുകയാണ്.

സംസ്ഥാനത്തെ വെള്ളിവിലയിൽ ഇന്ന് രണ്ട് രൂപ കുറഞ്ഞിട്ടുണ്ട്. ഇന്ന് ഗ്രാമിന് 188 രൂപയും കിലോഗ്രാമിന് 1,88,000 രൂപയുമാണ്. അന്താരാഷ്ട്ര വിപണിക്കനുസരിച്ചാണ് കേരളത്തിലെ വെള്ളിവില നിശ്ചയിക്കപ്പെടുന്നത്. ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ രൂപയുടെ വിലയിൽ വരുന്ന കയറ്റിറക്കങ്ങളും വെള്ളി വിലയെ സ്വാധീനിക്കും.

കാർ മറിഞ്ഞ് 2പേർക്ക് പരിക്ക്

വേലൂർ: ആർഎംഎസ് ബസ് സ്റ്റോപ്പിന് സമീപം കാർ മൺകൂനയിൽ കയറി മറിഞ്ഞ് 2പേർക്ക് പരിക്കേറ്റു. കരുനാഗപ്പള്ളി സ്വദേശികളായ ഷാൻ സദാനന്ദൻ, ദീപിക സോമൻ എന്നിവർക്കാണ് പരിക്കേറ്റത്.

'സുരേഷ് ഗോപിയുടെ പ്രജകളല്ല ഞങ്ങൾ'; തൃശൂരിൽ ബിജെപി പ്രവർത്തകർ കോൺഗ്രസിൽ ചേർന്നു

തൃശൂർ: കലുങ്ക് സംവാദത്തിനിടെ കേന്ദ്രമന്ത്രി സുരേഷ് ഗോപി അപമാനിച്ചെന്നാരോപിച്ച് ബിജെപി പ്രവർത്തകർ കോൺഗ്രസിൽ ചേർന്നു. തൃശൂർ വരന്തരപ്പിള്ളിയിലെ നാല് ബിജെപി പ്രവർത്തകരാണ് സുരേഷ് ഗോപിയുടെ സംവാദ പരിപാടിയിൽ പങ്കെടുത്തതിനുശേഷം പിറ്റേദിവസം കോൺഗ്രസിൽ ചേർന്നത്. സുരേഷ് ഗോപിയോടുള്ള വിരോധമാണ് പാർട്ടി വിടാൻ കാരണമെന്നും കലുങ്ക് സംവാദത്തിനിടെ ബിജെപി മന്ത്രി അപമാനിച്ചെന്നും പാർട്ടി വിട്ടവർ പറഞ്ഞു.

വരന്തരപ്പിള്ളിയിലെ ബിജെപി പ്രവർത്തകരായിരുന്ന പ്രസാദ്, രാജശ്രീ, സുമേഷ്, ശാലിനി എന്നിവരും കുടുംബാംഗങ്ങളുമാണ് ബിജെപി വിട്ടത്. ബിജെപി ഭരിക്കുന്ന വേലുപ്പാടം വാർഡ് അംഗങ്ങളായ സജീവ ബിജെപി പ്രവർത്തകരായിരുന്നു ഇവർ. ഈ മാസം 18-ാം തീയതിയാണ് വരന്തരപ്പിള്ളി പഞ്ചായത്തിലെ നാലാം വാർഡിൽ കലുങ്ക് സംവാദം നടന്നത്. സംവാദ പരിപാടിയിൽ ആദ്യാവസാനം വരെ പങ്കെടുത്ത ഇവർ പിറ്റേന്ന് കോൺഗ്രസിൽ ചേരുകയായിരുന്നു.

'മന്ത്രിയുടെ പെരുമാറ്റത്തിൽ താത്പര്യമില്ലായ്മ തോന്നിയതുകൊണ്ടാണ് പാർട്ടി വിട്ടത്. സുരേഷ് ഗോപിയുടെ പ്രജകളല്ല ഞങ്ങൾ. രാഹുൽ ഗാന്ധി സാധാരാണക്കാരുടെ കടയിൽ പോയി ചായ കുടിക്കും. എന്നാൽ എല്ലാവരും പ്രജകളാണെന്ന് കരുതുന്ന സുരേഷ് ഗോപിക്ക് അത് പറ്റില്ല'- പാർട്ടിവിട്ട പ്രസാദ് പറഞ്ഞു.

21 വയസ്സുകാരിയെ പീഡിപ്പിച്ച ഡോക്ടർ അറസ്റ്റിൽ

ബംഗളൂരു: 21കാരിയായ യുവതിയെ ലൈംഗികമായി പീഡിപ്പിച്ച സ്വകാര്യ ക്ലിനിക്കിലെ ഡെർമറ്റോളജിസ്റ്റ് അറസ്റ്റിൽ. യുവതിയുടെ പരാതിയിൽ അശോക് നഗർ പൊലീസ് ഡോ.പ്രവീണിനെ(56) അറസ്റ്റ് ചെയ്തു. ശനിയാഴ്ച വൈകുന്നേരമാണ് കേസിനാസ്പദമായ സംഭവം.

ചർമ്മത്തിലെ അണുബാധ പരിശോധിക്കാനെന്ന പേരിൽ സ്വകാര്യഭാഗങ്ങളിൽ സ്പർശിക്കുകയും മുപ്പത് മിനിട്ടോളം ഉപദ്രവിക്കുകയും ചെയ്തുവെന്നാണ് യുവതിയുടെ പരാതിയിൽ പറയുന്നത്. പലതവണ കെട്ടിപിടിക്കുകയും ചുംബിക്കുകയും അസഭ്യം പറയുകയും ചെയ്തു. തന്റെ എതിർപ്പ് വകവയ്ക്കാതെ പ്രതി നിർബന്ധിച്ച് വസ്ത്രം അഴിച്ചുമാറ്റിയെന്നും പിന്നീട് തന്നോടൊപ്പം സ്വകാര്യ സമയം ചെലവഴിക്കാൻ ഒരു ഹോട്ടൽ മുറി ബുക്ക് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തുവെന്നും യുവതി പറഞ്ഞു.

സാധാരണയായി യുവതി പിതാവിനൊപ്പമാണ് ക്ലിനിക്കിൽ എത്താറുള്ളത്. എന്നാൽ യുവതി തനിച്ച് ക്ലിനിക്കിലെത്തിയ ദിവസമാണ് സംഭവമുണ്ടായത്. വിവരമറിഞ്ഞ കുടുംബവും പ്രദേശവാസികളും ക്ലിനിക്കിന് പുറത്ത് പ്രതിഷേധ പ്രകടനം നടത്തി. തുടർന്ന് പൊലീസ് സ്ഥലത്തെത്തി പ്രതിയെ അറസ്റ്റ് ചെയ്തു.

മുന്നിലൂടെ ട്രെയിൻ കടന്നുപോയത് മാത്രമേ ഓർമയുള്ളു, യുവാവിന്റെ മുഖത്ത് ഗുരുതരപരിക്ക്

ആദ്യസംഭവമെന്ന് റെയിൽവേ

കോഴിക്കോട്: ട്രെയിനിനുള്ളിൽ കയറി യാത്രക്കാരെ ആക്രമിക്കുന്നതും അവർക്ക് നേരെ കല്ലെറിയുന്നതുമെല്ലാം പതിവ് സംഭവമാണ്. അടുത്തിടെയായി ട്രെയിനിന്റെ വാതിലിൽ നിൽക്കുന്നവരെ വടികൊണ്ട് അടിച്ചുവീഴ്ത്തി വിലപിടിപ്പുള്ള വസ്തുക്കൾ മോഷ്ടിക്കുന്ന സംഭവവും പുറത്തുവന്നിരുന്നു. ഇപ്പോഴിതാ ട്രെയിൻ നോക്കി പ്ലാറ്റ്ഫോമിൽ നിന്ന യുവാവിനുണ്ടായ അപകടമാണ് പുറത്തുവന്നിരിക്കുന്നത്.

ട്രെയിനിനുള്ളിൽ നിന്ന് ശക്തിയിൽ പുറത്തേക്ക് വലിച്ചെറിഞ്ഞ കുപ്പി മുഖത്ത് പതിച്ചാണ് യുവാവിന് പരിക്കേറ്റത്. ഈ മാസം 19ന് വൈകിട്ട് അഞ്ച് മണിക്കായിരുന്നു സംഭവം. പേരാമ്പ്ര സ്വദേശി ആദിത്യനാണ് പരിക്കേറ്റത്. അതിവേഗം പോകുന്ന ട്രെയിനിൽ നിന്ന് ഇത്തരത്തിൽ കുപ്പിയെറിഞ്ഞാൽ ഏത് ബോഗിയിൽ നിന്നാണെന്ന് കണ്ടുപിടിക്കാൻ പോലും പ്രയാസമാണെന്നാണ് ആർപിഎഫ് ഉദ്യോഗസ്ഥർ പറയുന്നത്. സഹയാത്രക്കാർ അറിയിച്ചാൽ മാത്രമേ ഇത്തരം സംഭവങ്ങളിൽ കുറ്റക്കാരെ കണ്ടെത്താനാകൂ. മാത്രമല്ല, അലക്ഷ്യമായി എറിഞ്ഞതാകാനും സാദ്ധ്യതയുണ്ട്. ഇത്തരം സംഭവങ്ങൾ നേരിൽ കാണുന്നവർ തടയുക മാത്രമാണ് ഏക പോംവഴിയെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. ഇതിന് മുമ്പ് ഇത്തരത്തിലൊരു അപകടം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും അധികൃതർ അറിയിച്ചു.

അതേസമയം, ട്രെയിനിന് നേരെ കല്ലെറിയുന്ന സംഭവങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഈ വർഷം മൂന്ന് തവണയാണ് വന്ദേഭാരതിന് നേരെ കല്ലേറുണ്ടായത്. ഏപ്രിൽ 17ന് ഉപ്പള സ്റ്റേഷനടുത്തും സെപ്തംബർ 25ന് കളമശേരിയിലും ട്രെയിനിനുനേരെ ഉണ്ടായ കല്ലേറിൽ യാത്രക്കാർക്ക് പരിക്കേറ്റിരുന്നു. കളമശേരിയിൽ കല്ലെറിഞ്ഞ രണ്ട് പ്ലസ് ടു വിദ്യാർത്ഥികളെ ആർപിഎഫ് പിടികൂടുകയും ചെയ്തു.

'ഒന്നാം തീയതിയോടെ ഇറക്കുമതി തീരുവ 155 ശതമാനമാക്കും'; വീണ്ടും ഭീഷണി മുഴക്കി ട്രംപ്

ദീപാവലി ബോണസ് കുറഞ്ഞു; സൗജന്യമായി വാഹനങ്ങൾ കടത്തിവിട്ട് ടോൾ പ്ലാസ തൊഴിലാളികൾ

ആഗ്ര: ദീപാവലി ബോണസ് കുറച്ചതിൽ പ്രതിഷേധിച്ച് ആഗ്ര-ലഖ്നൗ എക്സ്പ്രസ്‌വേ ടോൾ പ്ലാസ ജീവനക്കാർ പണം പിരിക്കുന്നത് നിർത്തിവച്ചു. ശനിയാഴ്ച അർദ്ധരാത്രി മുതൽ 10 മണിക്കൂറോളമാണ് സൗജന്യമായി വാഹനങ്ങൾ കടത്തിവിട്ടത്.

ടോൾ ഓപ്പറേറ്റിംഗ് കമ്പനിയായ ശ്രീ സായിയും ഡാറ്റാർ കമ്പനി ജീവനക്കാരും തമ്മിൽ ബോണസിനെ ചൊല്ലി തർക്കം നിലനിന്നിരുന്നു. 1100 രൂപയാണ് കമ്പനി ബോണസ് ഇനത്തിൽ നൽകാൻ തീരുമാനിച്ചത്. എന്നാൽ കഴിഞ്ഞ വർഷത്തെ ബോണസിനേക്കാൾ വളരെക്കുറവാണെന്ന് ആരോപിച്ചായിരുന്നു ജീവനക്കാർ പ്രതിഷേധിച്ചത്. നീണ്ട ചർച്ചകൾക്കൊടുവിൽ 10% ശമ്പള വർദ്ധനവ് നൽകാമെന്ന ധാരണയിൽ ആഗ്ര-ലഖ്നൗ എക്സ്പ്രസ്‌വേയിലെ ടോൾ പിരിവ് പത്ത് മണിക്കൂറിന് ശേഷം പുനരാരംഭിച്ചു.

കഴിഞ്ഞ വർഷം, മറ്റൊരു കരാറുകാരന്റെ കീഴിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് 5,000 രൂപയായിരുന്നു ബോണസായി ലഭിച്ചത്. പ്രതിഷേധത്തെക്കുറിച്ചുള്ള വിവരം ലഭിച്ചയുടൻ കമ്പനി അധികൃതരും പൊലീസും സ്ഥലത്തെത്തി ജീവനക്കാരെ സമാധാനിപ്പിക്കാൻ ശ്രമം നടത്തി. ഞായറാഴ്ച രാവിലെ 9 മണി വരെ പ്രതിഷേധം നീണ്ടുനിന്നു. എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതുവരെ സമരം തുടരുമെന്നായിരുന്നു പ്രതിഷേധക്കാരായ ജീവനക്കാർ പറഞ്ഞത്.

കാൽനടയാത്രക്കാരിയെ ഇടിച്ചു തെറിപ്പിച്ചു കടന്നു കളഞ്ഞ 19-കാരൻ അറസ്റ്റിൽ

തൃശ്ശൂർ: പുതുക്കാട് സിഗ്നലിൽ കാൽനടയാത്രക്കാരിയെ ഇടിച്ചു തെറിപ്പിച്ച ശേഷം കടന്നു കളഞ്ഞ ബൈക്ക് യാത്രക്കാരൻ പിടിയിൽ. പുതുക്കാട് തെക്കേ താറെവ് സ്വദേശി ഇമ്മാനുവലിനെ(19) ആണ് പൊലീസ് അറസ്റ്റ് ചെയ്തത്. അപകടത്തിൽ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ മുപ്ലിയം സ്വദേശി സെലിൻ ആലുവയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. അപകടത്തിനു ശേഷം നിർത്താതെ പോയ ബൈക്ക് രണ്ടുദിവസത്തെ അന്വേഷണത്തിനൊടുവിലാണ് പൊലീസ് കണ്ടെത്തിയത്. ശനിയാഴ്ച രാവിലെ എട്ടിനായിരുന്നു അപകടം.

അഴിമതി അന്വേഷിക്കുന്ന ലോക്പാലിനായി വാങ്ങുന്നത് ഏഴ് ബിഎംഡബ്ല്യു കാറുകൾ; ആകെ ചെലവ് അഞ്ച് കോടി രൂപ

ന്യൂഡൽഹി: പൊതുപ്രവർത്തകർക്കെതിരായ അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്ന ലോക്പാലിനായി ആഡംബര കാറുകൾ വാങ്ങുന്നു. എഴുപത് ലക്ഷം വിലയുള്ള ബിഎംഡബ്ല്യു 3 സീരീസ് 330-ൽ പെട്ട ഏഴ് കാറുകൾ വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടികളാണ് ആരംഭിച്ചത്. ഏഴ് വാഹനങ്ങൾ വാങ്ങുന്നതിനായി ആകെ ചെലവ് പ്രതീക്ഷിക്കുന്നത് അഞ്ച് കോടി രൂപയാണ്.

സുപ്രീം കോടതിയിൽനിന്ന് വിരമിച്ച ജസ്റ്റിസ് എ.എം. ഖാൻവിൽക്കറാണ് നിലവിൽ ലോക്പാൽ ചെയർപേ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കോടതികളിലെ സ്റ്റാഫ് ഒഴിവുകൾ ഉടൻ നികത്തണം: കെ സി ജെ എസ് ഒ

തൃശൂർ: കോടതികളിൽ ഒഴിവുള്ള ബെഞ്ച് ക്ലാർക്ക്, സെൻട്രൽ നാജർ, ആമീൻ തസ്തികകൾ നികത്താനാവശ്യമായ നടപടികൾ സർക്കാർ ഉടൻ സ്വീകരിക്കണമെന്ന് കേരള ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. പുതുതായി കോടതികൾ തുടങ്ങുമ്പോൾ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. അയ്യന്തോൾ കോസ്റ്റ് ഫോർഡ് ഹാളിൽ തയ്യാറാക്കിയ രജിത് നഗറിൽ നടന്ന സമ്മേളനം പ്രിൻസിപ്പൽ ജില്ലാ ആന്റ് സെഷൻസ് ജഡ്ജ് പി പി സെയ്തലവി ഉദ്ഘാടനം ചെയ്തു. ജഡ്ജിമാരും അഭിഭാഷകരും കോടതി സ്റ്റാഫും വക്കീൽ ഗുമസ്തന്മാരും അടങ്ങുന്ന ജുഡീഷ്യറിയുടെ നാല് തൂണുകളും ഒരുപോലെ നിലനിൽക്കേണ്ടതിന്റെ ആവശ്യകത ജില്ലാ ജഡ്ജി ഊന്നിപറഞ്ഞു.

കെ സി ജെ എസ് ഒ ജില്ലാ പ്രസിഡണ്ട് എ സമീരണൻ ആധ്യക്ഷം വഹിച്ചു. കെ സി ജെ എസ് ഒ സംസ്ഥാന ജനറൽ സെക്രട്ടറി സി ആർ ജീവേഷ് മുഖ്യപ്രഭാഷണം നടത്തി.

ജേക്കബ് മാത്യു സ്വാഗതവും സലിൽ കെ വി നന്ദിയും പറഞ്ഞു. ലിജോ ആന്റണി വരവ് ചിലവ് കണക്കുകളും ജേക്കബ് പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. സർവ്വീസിൽ നിന്നും വിരമിച്ച ഭാരവാഹികളെ യോഗം ആദരിച്ചു. എസ് എസ് എൽ സി, ഹയർ സെക്കണ്ടറി പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകൾ സമ്മാനിച്ചു.

കെ വി സലിൽ (ജില്ലാപ്രസിഡണ്ട്), ജേക്കബ് മാത്യു (സെക്രട്ടറി)

ജില്ലാ സെക്രട്ടറി ജേക്കബ് മാത്യു പൂമല, സംസ്ഥാന വൈസ് പ്രസിഡണ്ട് സണ്ണി ജോസഫ്, തൃശൂർ ബാർ അസോസിയേഷൻ പ്രസിഡണ്ട് എം വി ഗോപാലകൃഷ്ണൻ, അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ ജില്ലാ സെക്രട്ടറി വി. വിശ്വനാഥൻ, സംസ്ഥാന സമിതി അംഗം പി എ നന്ദകുമാരൻ, ഫ്രാങ്ക്ലിൻ ജേക്കബ്, ഉമേഷ് ബിബിൻ, കെ എൻ വിനീത, ലിറ്റി എ. തോമസ് എന്നിവർ പ്രസംഗിച്ചു.

വൈകീട്ട് നടന്ന ജില്ലാ കൗൺസിൽ സംസ്ഥാന സെക്രട്ടറി ജീവേഷ്, സംസ്ഥാന വൈസ് പ്രസിഡണ്ട് സണ്ണി ജോസഫ്, സംസ്ഥാന സമിതി അംഗ നന്ദകുമാരൻ എന്നിവരടങ്ങിയ പ്രസീഡിയമാണ് നിയന്ത്രിച്ചത്. ജില്ലാ വൈസ് പ്രസിഡണ്ട് മണികണ്ഠൻ സ്വാഗതവും താലൂക്ക് ജോ. സെക്രട്ടറി ദേവരാജൻ നന്ദിയും പറഞ്ഞു.

ഭാരവാഹികൾ: കെ വി സലിൽ ഇരവിമംഗലം (പ്രസിഡണ്ട്), ജേക്കബ്മാത്യു പൂമല (സെക്രട്ടറി) പി വിനീത, കെ എൻ ബിബിൻ, (വൈസ് പ്രസിഡണ്ടുമാർ), ടി കെ അജിത്കുമാർ, കെ ആർ കാർത്തിക (ജോ. സെക്രട്ടറിമാർ), ലിജോ പി ആന്റണി (ട്രഷറർ).

കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ സംസ്ഥാന സമ്മേളനം നവംബർ 8, 9 തിയ്യതികളിൽ കാഞ്ഞങ്ങാട് നടത്തും.

ഒല്ലൂർ തിരുനാൾ; മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലെത്തുന്നു

തൃശൂർ: ഒല്ലൂർ സെന്റാണീസ് ഫൊറോന ചർച്ചിൽ വിശുദ്ധ റപ്പായേൽ മാലാഖയുടെ189 ാം തിരുനാൾ 22, 23,24,25 തീയതികളിൽ ആ ഘോഷിക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിലറിയിച്ചു.

23-ന് വൈകീട്ട് 4 മണിക്ക് പൊന്തിഫിക്കൽ ദിവ്യബലിക്ക് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യ കാർമ്മികത്വം വഹിക്കും. തുടർന്ന് കൂടുതുറക്കൽ, തിരു സ്വരൂപം എഴുന്നള്ളിപ്പ്, വള എഴുന്നള്ളിപ്പ് തുടങ്ങിയവ. 24 ന് തിരുനാൾ ദിനം. തിരുനാൾ ദിനങ്ങളിൽ രാത്രി കലാപരിപാടികൾ. നാടകം. എല്ലാ ദിവസവും ഊട്ട്, നേർച്ചഭക്ഷണ വിതരണം .ഫാ:വർഗീസ് കുത്തൂർ, ആന്റണി ജോർജ് അക്കര, ഷാജു പടിക്കല, ജോഫി ജോസ് ചിറമ്മൽജെയ്സൺ പോൾ പ്ലാക്കൽ, ജസ്റ്റിൻ റാഫേൽ പങ്കെടുത്തു.

കൊട്ടേക്കാട് സെന്റ്റ് മേരീസ് അസംപ്ഷൻ ഫൊറോന ചർച്ച് ൽ ഫാത്തിമനാഥ തിരുനാൾ 18, 19 തീയതികളിൽ . ആ നപ്പുറ കുടമാറ്റം, കപ്പേള പുഷ്പാലംകൃതമാക്കൽ, ഡയാലിസ് ??ചികിത്സ ധനസഹായ വിതരണം, ദീപാലംങ്കാരം, കിരീടം എഴുന്നള്ളിപ്പ് - പ്രധാന പരിപാടികളാണ്. പത്രസമ്മേളനത്തിൽ വികാരി ഫ:ഫ്രാങ്കോ കവലക്കാട്ട്, ജോബി മുണ്ടാടൻ, ജോൺസൻ മുരിയാടൻ, സി.എൽ. ഇഗ്നേഷ്യസ് ലാന്റോ കോളെങ്ങാടൻ പരിപാടികൾ വിശദീകരിച്ചു

തലശ്ശേരി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിന്റെ ഡെലിഗേറ്റ് - പാസ് വിതരണത്തിന്റെ ഉൽഘാടനം നിയമസഭാ സ്പീക്കർ എ.എം.ഷംസീർ നടി റിയ ഇഷയ്ക്ക് നൽകി നിർവഹിക്കുന്നു. ചലച്ചിത്ര അക്കാദമി ചെയർമാൻ നടൻ, പ്രേംകുമാർ, സെക്രട്ടറി സി.അജോയ് സമീപം.

വീട്ടുമുറ്റ സദസ്സ് സംഘടിപ്പിച്ചു

പടിയൂർ: ഗ്രാമീണ വായനശാല ആഭിമുഖ്യത്തിൽ കുളങ്ങരപ്പുറത്ത് അനിത സുദർശനന്റ വസതിയിൽ 'നവോത്ഥാനത്തിലൂടെ നവകേരളത്തിലേക്ക്' എന്ന വിഷയത്തിൽ വീട്ടുമുറ്റ സദസ്സ് സംഘടിപ്പിച്ചു.

ടി ആർ ഭുവനേശ്വരൻ അധ്യക്ഷനായ ചടങ്ങിൽ റിട്ട: പഞ്ചായത്ത് സെക്രട്ടറി എ. വി കാർത്തികേയൻ ഉദ്ഘാടനം നിർവഹിച്ചു. സംസ്കാരിക പ്രവർത്തകൻ പി ഗോപിനാഥ് മുഖ്യപ്രഭാഷണം നടത്തി. സി.ഡി സിജിത്ത്,പി.എ പാർത്ഥൻ, വി എസ്. സത്യപാലൻ എന്നിവർ സംസാരിച്ചു

വിയ്യൂരിലുംവീട്ടുമുറ്റ സദസ്സ്

വിയ്യൂർ: ഗ്രാമീണ വായനശാലയിലെ വീട്ടുമുറ്റ സദസ്സ് വിയ്യൂർ ഇൻഡസ് അവന്യൂവിൽ തൃശ്ശൂർ ജില്ല ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫസർ എം ഹരിദാസ് ഉദ്ഘാടനം ചെയ്തു വായനശാല പ്രസിഡന്റ് സന്തോഷ് കെ എഫ് അധ്യക്ഷത വഹിച്ച ചടങ്ങിൽ റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് സതീഷ് കെ, വായനശാല സെക്രട്ടറി പി ഉദയകുമാർ,ശശി എ സി,ഡോക്ടർ കെ വി ജയകുമാർ എന്നിവർ പ്രസംഗിച്ചു

എസ്. ഐ. ഒ. കോൺഫ്രൻസ്

തൃശൂർ: എസ്.ഐ.ഒ.തൃശൂർ ജില്ലാ കേഡർ കോൺഫ്രൻസ് - വിദ്യാർത്ഥി റാലി 19ന് വൈകീട്ട് തൃശൂരിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിലറിയിച്ചു. വൈകീട്ട് 3.30 ന് വടക്കേ സ്റ്റാന്റിൽ നിന്ന് റാലി തുടങ്ങി ഇ എം.എസ്. സ്ക്വയറിൽസമാപിച്ചു.

ഇസ്ലാമിക വിദ്യാർഥിത്വം നീതിയുടെ കർമ്മസാക്ഷ്യം എന്നതാണ് സമ്മേളന സന്ദേശം. പ്രസിഡന്റ് അബ്ദുൽ കഫീൽ, അൻസിഫ്അബ്ദുള്ള, ആദിൽ സലീം, നബീൽ, അബിദ് റഹ്മാൻ പങ്കെടുത്തു.

സിപിഐ 25-ാം പാർട്ടി കോൺഗ്രസ് ഇരിങ്ങാലക്കുട മണ്ഡലംതല റിപ്പോർട്ടിംഗ്

ഇരിങ്ങാലക്കുട: സിപിഐ ഇരുപത്തിയഞ്ചാം പാർട്ടി കോൺഗ്രസ് ഇരിങ്ങാലക്കുട മണ്ഡലം തല റിപ്പോർട്ടിംഗ് നടന്നു. സിപിഐ ദേശീയ കൗൺസിൽ അംഗം രാജാജി മാത്യു തോമസ് പാർട്ടി കോൺഗ്രസ് റിപ്പോർട്ടിംഗ് ഉദ്ഘാടനം ചെയ്തു. ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.മണി അധ്യക്ഷത വഹിച്ച യോഗത്തിന് മണ്ഡലം സെക്രട്ടറി എൻ.കെ ഉദയപ്രകാശ് സ്വാഗതം പറഞ്ഞു.

സിപിഐ ജില്ലാ സെക്രട്ടറി കെ.ജി ശിവാനന്ദൻ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ റിപ്പോർട്ട് ചെയ്തു. സിപിഐ സംസ്ഥാന കൗൺസിൽ അംഗം ടി.കെ സുധീഷ്, ജില്ലാ എക്സിക്യൂട്ടീവ് അംഗം കെ.എസ് ജയ, മുൻ സംസ്ഥാന കൗൺസിൽ അംഗം കെ.ശ്രീകുമാർ എന്നിവർ സംസാരിച്ചു. ജില്ലാ കൗൺസിൽ അംഗം ബിനോയ് ഷബീർ നന്ദി പറഞ്ഞു.

ഫ്രഷ് കടാവർ ഡിസെക്ഷൻ ലൈവ് വർക്ക്ഷോപ്പ് നടത്തി

തൃശൂർ: അമല മെഡിക്കൽ കോളേജ് ഇ.എൻ. ടി; അനാട്ടമി വിഭാഗങ്ങളുടെയും അസോസിയേഷൻ ഓഫ് ഓട്ടോറൈനോലാരിങ്കോളജി തൃശൂർ ചാപ്റ്ററിന്റെയും തൃശൂർ ഇ. എൻ. ടി. സർജൻസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ഫ്രഷ് കടാവർ ഡിസെക്ഷൻ ലൈവ് വർക്ക്ഷോപ്പ് നടത്തി. 15 ഓളം ഫ്രഷ് കടാവർ ഉപയോഗിച്ച് കൊണ്ടുള്ള കേരളത്തിലെ തന്നെ ആദ്യത്തെ ദ്വദിന ലൈവ് ഡിസെക്ഷൻ വർക്ക്ഷോപ്പിൽ 10 ഓളം മെഡിക്കൽ എക്സ്പെർട്ട്സ് പി.ജി. വിദ്യാർത്ഥികൾക്കും ഡോക്ടർമാർക്കും ട്രെയിനിങ് നൽകി. ശില്പശാലയുടെ ഉദ്ഘാടനം അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ നിർവഹിച്ചു. എ.ഒ.ഐ. സംസ്ഥാന പ്രസിഡന്റ് ഡോ. സുരേഷ് കുമാർ, ടെൻസ് സെക്രട്ടറി ഡോ. ഇന്ദുധരൻ, എ.ഒ.ഐ. തൃശൂർ പ്രസിഡന്റ് ഡോ. ബിനു രാജു ജോർജ്, അമൃതയിലെ ഡോ. സുബ്രഹ്മണ്യ അയ്യർ, അമല ഇ. എൻ. ടി. മേധാവി ഡോ. ആൻഡ്രൂസ്. സി. ജോസഫ്, പ്രൊഫ: ഡോ. അർജുൻ. ജി. മേനോൻ, അനാട്ടമി പ്രൊഫ: ഡോ. മിനി കരിയപ്പ എന്നിവർ പ്രസംഗിച്ചു.

വ്യാപാരി വ്യവസായി സമിതി ഇരിങ്ങാലക്കുട യൂണിറ്റ് പുതിയ ഭാരവാഹികൾ

ഇരിങ്ങാലക്കുട: കേരളത്തിലെ വ്യാപാരികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, അവരുടെ പ്രവർത്തന മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശക്തമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന വ്യാപാരി വ്യവസായി സമിതിയുടെ ഇരിങ്ങാലക്കുട യൂണിറ്റിന്റെ പുതിയ ഭാരവാഹികളായി പ്രസിഡണ്ട് - സനീഷ്.പി.എം, വൈസ് പ്രസിഡണ്ട് - കെ. എച്ച്.ഷെറിൻ അഹമ്മദ്, സെക്രട്ടറി - നജീബ് വടേക്കാരൻ, ജോ.സെക്ര - ജോസഫ് അക്കരക്കാരൻ, ട്രഷറർ - ശശി വെട്ടത്ത് എന്നിവരെ തിരഞ്ഞെടുത്തു.

പ്രിയ ഹാളിൽ നടന്ന യൂണിറ്റ് കൺവെൻഷൻ ജില്ലാ എക്സി. അംഗം കെ. എം.സജീവൻ ഉദ്ഘാടനം ചെയ്തു. വിൽസൻ, എൻ . കെ.നകുലൻ, ചാർളി തേറാട്ടിൽ, ശശി വെട്ടത്ത്, നജീബ് വാടേക്കാരൻ എന്നിവർ സംസാരിച്ചു

ലോക വിദ്യാർത്ഥി ദിനത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കാൻ വിദ്യാർത്ഥികൾക്ക് ഫിഷ് അക്വാറിയം സമ്മാനിച്ച് അധ്യാപകൻ

കൊടുങ്ങല്ലൂർ: ലോക വിദ്യാർത്ഥി ദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധബോധം വർദ്ധിപ്പിക്കുന്നതിനായി ഫിഷ് അക്വാറിയം സമ്മാനിച്ച് മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപക സ്റ്റൈജു മാസ്റ്റർ രംഗത്തെത്തി. എറിയാട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ തെരഞ്ഞെടുത്ത അർജുൻ എന്ന വിദ്യാർത്ഥിക്ക് അക്വേറിയവും ലഹരിക്കെതിരെ പോരാടാൻ ഫൈറ്റർ വിഭാഗത്തിൽപ്പെട്ട ഒരു മത്സ്യക്കുഞ്ഞിനെ നൽകിയാണ് ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തിയത് 'സ്കൂൾ പ്രധാന അധ്യാപിക ലാലി ആന്റണി ഫിഷ് അക്വാറിയം വിദ്യാർത്ഥിക്ക് സമ്മാനിച്ചുകൊണ്ട് ബോധവൽക്കരണ സെമിനാർ ഉദ്ഘാടനം ചെയ്തു. എൻ സി സി ഓഫീസർ ലഫ്റ്റനന്റ് ഗിരീഷ് എ.പി അധ്യക്ഷത വഹിച്ച യോഗത്തിൽ അധ്യാപകരായ വാഹിദ് പി എ, ഷൈമാബി അബ്ദുൽ ജബ്ബാർ എന്നിവർ പ്രസംഗിച്ചു.

ലഹരിക്കെതിരെ പോരാടാൻ വിദ്യാർത്ഥികളിൽ റൂബിക്സ് പരിശീലനം വായന' എഴുത്ത് തുടങ്ങിയ ഒട്ടേറെ കർമ്മ പദ്ധതികൾ നടപ്പിലാക്കിയ വിദ്യാലയമാണ് എറിയാട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ' ലഹരി വിരുദ്ധ വത്കരണ പ്രവർത്തനങ്ങൾക്ക് വിദ്യാർഥികളായ മിഹ്റാസ് സി എസ്, നഹ്ല ഫസലുദ്ധീൻ അഖിനേഷ് എന്നിവർ നേതൃത്വം നൽകി

സെമിനാറിന് ശേഷം വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞയും ചൊല്ലി.